# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്– 2012-13–ലെ പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് – കളിയുപകരണങ്ങൾ നൽകുന്ന പ്രോജക്ടിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

## തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ 638/13/തസ്വഭവ    തിരുവനന്തപുരം, തീയതി, 14.03.2013

---

**പരാമർശം:-** പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 06/02/2013-ലെ കത്ത്.

## ഉത്തരവ്

2012–2013 വാർഷിക പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തിലെ പൂരകപോഷകാഹാരത്തിന് തുക വകയിരുത്തേണ്ടതിനാൽ ഗ്രാമപഞ്ചായത്തുകൾ മുഴുവൻ തുകയും വകയിരുത്തേണ്ടിവന്ന സാഹചര്യത്തിൽ അംഗനവാടികൾക്ക് തുക വകയിരുത്താൻ പഞ്ചായത്തുകൾക്ക് സാധിച്ചിട്ടില്ലാത്തതിനാൽ ബ്ലോക്ക് വിഹിതത്തിൽ നിന്ന് കളിയുപകരണങ്ങൾ വാങ്ങാൻ പരപ്പ ബ്ലോക്ക് പഞ്ചായത്ത് 2012-2013-ൽ പ്രോജക്ട് നമ്പർ 26-ന് 10 ലക്ഷം രൂപ നീക്കിവയ്ക്കുകയും ഡി.പി.സി. അംഗീകാരം ലഭിക്കുകയും ചെയ്തതിനാൽ പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള ഉത്തരവ് നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1)-ൽ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, പദ്ധതി പുന:ക്രമീകരിക്കാൻ ഇനി സമയം ഇല്ലാത്തതിനാൽ ഈ സാമ്പത്തിക വർഷം അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജി. ശിവപ്രസാദ്,

അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, പരപ്പ.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഇൻഫർമേഷൻ കേരള മിഷൻ
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ